# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2792** 18-08-2017-ൽ മറുപടി നൽകേണ്ടത്

## ഗവൺമെന്റ് കോളേജുകളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനായി വകയിരുത്തിയ തുക

ചോദ്യം | ഉത്തരം

ശ്രീ. പുരുഷൻ കടലുണ്ടി : പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | |
|---|---|
| എ) കേരളത്തിലെ ഗവൺമെന്റ് കോളേജുകളുടെ ക്ലാസ്സ്റൂമുകൾ ഹൈടെക് ആക്കുന്നതിനും ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനുമായി 2016-17 വർഷത്തെ ബഡ്ജറ്റിൽ തുക അനുവദിച്ചിരുന്നോ; | എ) അനുവദിച്ചിരുന്നു. കേരളത്തിലെ 52 സർക്കാർ ആർട്സ് & സയൻസ് കോളേജുകൾക്കും, സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾക്കും ഏറ്റവും മികച്ച അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് 500 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും വകയിരുത്തിയിരുന്നു. ഇതോടൊപ്പം ശതോത്തര സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് 150 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. |
| ബി) സ്വന്തമായ കെട്ടിടമില്ലാത്ത കോളേജുകൾക്ക്, കെട്ടിടം നിർമ്മി | ബി) സ്വന്തമായി കെട്ടിടമില്ലാത്ത കോളേജുകൾക്ക് കെട്ടിട നിർമ്മാണ |

| | |
|---|---|
| ക്കാനായി ഈ തുക വിനിയോഗിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ അത്തരം കോളേജുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ഈ പണം അനുവദിക്കാനുള്ള നടപടി സ്വീകരിക്കാമോ; | ത്തിനായി ബഡ്ജറ്റിൽ ഉൾപ്പെടുത്തി പ്രത്യേക ഫണ്ട് അനുവദിക്കുന്നുണ്ട്. |
| (സി) ബാലുശ്ശേരി ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിന്റെ മാസ്റ്റർ പ്ലാൻ സർക്കാറിന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് കിഫ്ബിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കാമോ? | സി) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ബാലുശ്ശേരി ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി ഡി.പി.ആർ തയ്യാറാക്കുന്ന നടപടികൾ പുരോഗമിക്കുന്നു. |

Rateesh

**സെക്ഷൻ ഓഫീസർ**